പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ : 1792

17.03.2015 ലെ മറുപടിയ്ക്ക്

**"കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ തീരദേശ മാപ്പ് നിർമ്മാണം"**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം.എ. വാഹീദ് :** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) കേരള തീരദേശ സംരക്ഷണ അതോറിറ്റി 2011-ലെ വിജ്ഞാപന പ്രകാരം കോസ്റ്റൽ സോൺ മാനേജ്മെന്റ് മാപ്പ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തി--യിരിക്കുന്നത്, നാളിതുവരെ ഏതെല്ലാം ജില്ലകളുടെ മാപ്പ് തയ്യാറാക്കി, മാപ്പ് തയ്യാറാക്കാൻ ചിലവ് വഹിക്കുന്നതാര്, ആയതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ, കേന്ദ്ര സഹായം ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങൾ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ ? | (എ) & (ബി)<br><br>ഉണ്ട്. 2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപനം അനുസരിച്ചുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP)-യുടെ കരട് തയ്യാറാക്കുവാൻ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്ര (NCESS)-ത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തയ്യാറാക്കുന്ന കരടിന്മേൽ പബ്ലിക് ഹിയറിംഗ് നടത്തി സംസ്ഥാന സർക്കാർ KCZMA-യുടെ ശിപാർശയോട് കൂടി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കേണ്ടതുണ്ട്. ആയത് കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്കാണ് 2011 CRZ വിജ്ഞാപനം പ്രകാരം അനുസരിച്ചുള്ള CZMP നിലനിൽക്കുന്നത് . മാപ്പ് തയ്യാറാക്കുവാനുള്ള ചെലവ് വഹിക്കുന്നത് സംസ്ഥാന സർക്കാരാണ്. ആയതിനായി കേന്ദ്ര സഹായം ഒന്നും തന്നെ ലഭിച്ചിട്ടില്ല. CRZ വിജ്ഞാപനപ്രകാരം CZMP തയ്യാറാക്കുന്നതിനുള്ള ചുമതല സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായതിനാൽ കേന്ദ്ര സഹായത്തിന് ശ്രമിച്ചിട്ടില്ല. കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ ജില്ലകളുടെ, മരട് മുനിസിപ്പാലിറ്റി, കൊച്ചി കോർപ്പറേഷൻ എന്നിവിടങ്ങളുടെയും കരട് CZMP തയ്യാറാക്കി NCESS സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ ആലപ്പുഴ ഒഴികെയുള്ള പ്രദേശങ്ങളുടെ കരട് CZMP-യിൽ പബ്ലിക് ഹിയറിംഗ് നടത്തി തയ്യാറാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളുടെ കരട് CZMP തയ്യാറാക്കുന്ന പ്രക്രിയ NCESS-ൽ തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ